No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2020ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചിരിക്കുന്നു

2020 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി 10.09.2020ൽ നിന്നും 14.09.2020 ഉച്ചയ്ക്ക് 1.00 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു. കേരള എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ രണ്ടാം വർഷത്തിൽ ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകിയാണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. 2020 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതി യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളും പ്രവേശനപരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റ് വഴി നിശ്ചിത സമയപരിധിക്കുള്ളിൽ യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2020ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്കായി 03.09.2020ലെ വിശദമായ വിജ്ഞാപനം വെബ് സൈറ്റിലുള്ളത് കാണുക.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 – 2525300**

തിരുവനന്തപുരം
10.09.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**